


# പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാൾ

ഡീ. ജോസഫ് ചിലമ്പിക്കുന്നേൽ MCBS

Vol. 12, Issue: 14

**പ**രിശുദ്ധ അമ്മയാൽ സ്നേഹിക്കപ്പെടുന്നവരേ,

മനുഷ്യകുലത്തെ നരകത്തിലേക്ക് വീഴാൻ അനുവദിക്കാതെ തന്റെ നീലയങ്കിയോട് ചേർത്തുപിടിച്ച് സംരക്ഷിക്കുന്ന പരിശുദ്ധ അമ്മക്ക് നമ്മെ ഓരോരുത്തരെയും സമർപ്പിച്ചുകൊണ്ട് പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു!

മാതാവിന്റെ ജനനത്തെ അനുസ്മരിക്കുന്ന ഈ ദിനത്തിൽ തിരുസഭ നമുക്ക് വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗം മത്തായി 1:1-16 ലെ ഈശോയുടെ വംശാവലിയാണ്. ഉച്ചരിക്കാൻ വിഷമമുള്ള പേരുകളടങ്ങിയ ഈ അവതരണം പ്രത്യക്ഷത്തിൽ പരിശുദ്ധ അമ്മയുടെ ജനനവുമായി ഒരു ബന്ധവുമില്ലായെന്നു തോന്നാമെങ്കിലും സുവിശേഷപണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് ഒരുപാട് അർത്ഥതലങ്ങളടങ്ങിയ ഒരു വചനഭാഗമാണ്. പല വ്യാഖ്യാനങ്ങളുണ്ടെങ്കിലും ഇന്നത്തെ തിരുനാളിനോട് ചേർന്നുപോകുന്ന ഒരു വ്യാഖ്യാനം ഇതാണ്.

ഈ വംശാവലിയിൽ പരിശുദ്ധ അമ്മയെക്കൂടാതെ മറ്റു നാല് സ്ത്രീകളുടെ പേരുകൾ കൂടി കാണാം. അതിലെ രസകരമായ വസ്തുത എന്നുള്ളത് ഈ നാലു പേരുടെയും ജീവിതം ബൈബിളിൽ പരിശോധിച്ചാൽ എന്തെങ്കിലും തരത്തിൽ സ്വഭാവദൂഷ്യം ഉള്ളവരാണെന്നു കാണാം. എന്നാൽ വംശാവലിയിൽ അവർക്കു ശേഷം കാണുന്ന പരിശുദ്ധ അമ്മയിൽ പാപത്തിന്റെ മാലിന്യം അൽപം പോലുമില്ല. കർമ്മപാപത്തിന്റെ മാത്രമല്ല ജന്മപാപത്തിന്റെയും കറയില്ലെന്നു തന്നെ മനസിലാക്കണം. ഏൽപിക്കുവാൻ പോകുന്ന മഹോന്നതമായ ദൗത്യം നിറവേറ്റാൻ മറിയത്തെ ദൈവം മുൻകൂറായി ഒരുക്കിയിട്ടുണ്ട് എന്നത് തീർച്ചയാണ്. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ, ''അവതരിച്ച വചനത്തിന്റെ മാതാവായി മുൻകൂട്ടി തെരഞ്ഞെടുക്കപ്പെട്ട മറിയം, അതേസമയം അവന്റെ രക്ഷാകരപ്രവർത്തിയുടെ ആദ്യഫലം കൂടിയാണ്. രക്ഷകനായ ക്രിസ്തുവിന്റെ കൃപ അവളിൽ മുൻകൂട്ടി പ്രവർത്തിച്ചു. ഉത്ഭവപാപത്തിൽ നിന്നും എല്ലാത്തരം പാപങ്ങളിൽ നിന്നും അവളെ സംരക്ഷിച്ചു.'' ഈ ഒരു വിശ്വാസസത്യത്തെയാണ് ഈ തിരുനാൾ ആഘോഷത്തിലൂടെ നാം ഏറ്റുപറയുക.

എന്നിരുന്നാലും ഈ ഒരു കാര്യം പരിമിതമായ മനുഷ്യബുദ്ധിയിലൂടെ ചിന്തിച്ചാൽ ആരും ചിരിച്ചുപോകുന്ന ഒരു കാര്യം തന്നെയാണ്. ഇന്നത്തെ പഴയനിയമവായനയിലും സമാനമായ ഒരു സംഭവം നമ്മൾ വായിച്ചുകേട്ടു. ഉൽപത്തി 17-ൽ, സർവ്വശക്തനായ ദൈവം അബ്രാഹത്തിനു പ്രത്യക്ഷപ്പെട്ട് അരുളിച്ചെയ്യുകയാണ്, നിന്റെ ഭാര്യ സാറായെ അനുഗ്രഹിച്ച് അവളിൽ നിന്ന് നിനക്ക് ഞാനൊരു പുത്രനെ നൽകും എന്ന്. ഇത് കേട്ടതും തൊണ്ണൂറു കഴിഞ്ഞ സാറായുടെ ഭർത്താവായ അബ്രാഹം കമിഴ്ന്നുവീണു ചിരിച്ചു. എന്നാൽ അത് അസാദ്ധ്യമെന്നു കരുതിയ അബ്രാഹത്തിന്, ഇസഹാക്കിനെ ലഭിച്ചപ്പോൾ ദൈവശക്തിക്ക് എല്ലാം സാദ്ധ്യമാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. പിന്നെ അബ്രാഹം ദൈവം പറയുന്ന കാര്യത്തിൽ മറിച്ചൊന്നു ചിന്തിക്കാൻ നിന്നിട്ടില്ല.

പരിശുദ്ധ അമ്മയിലേക്കു വരുമ്പോൾ വി. അൻസലം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: ''എല്ലാവിധ പാപക്കറകളിൽ

നിന്നും സ്വതന്ത്രമാക്കി തന്റെ പുത്രന് വസിക്കാൻ പരിശുദ്ധമായൊരു വാസസ്ഥലം ഒരുക്കാൻ ദൈവത്തിന്റെ ജ്ഞാനത്തിന് കഴിയാതിരിക്കുമോ?'' സർവ്വശക്തനായ ദൈവത്തിന്റെ ജ്ഞാനത്തിന് തീർച്ചയായും സാധിക്കും. ഈ വെല്ലുവിളി നിറഞ്ഞ വിശ്വാസത്തിന്റെ ഉടമകളാകുവാനാണ് ഈ തിരുനാൾ ഒന്നാമതായി നമ്മോട് ആഹ്വാനം ചെയ്യുക. അതിനാൽ, പൗലോസ് ശ്ലീഹായോടൊപ്പം നമുക്കും ഏറ്റുപറയാം. 2 കൊറി 5:7 ''എന്തെന്നാൽ ഞങ്ങൾ നയിക്കപ്പെടുന്നത് വിശ്വാസത്താലാണ്, കാഴ്ചയാലല്ല. ഞങ്ങൾക്ക് നല്ല ധൈര്യമുണ്ട്.''

സാഹിത്യകാരന്മാർ തങ്ങളുടെ രചനയിൽ വായനക്കാരുടെ ശ്രദ്ധയെ പിടിച്ചിരുത്താൻ അല്ലെങ്കിൽ കലാരംഗത്തുള്ളവർ അവരുടെ പ്രേക്ഷകരുടെയും കേൾവിക്കാരുടെയും ശ്രദ്ധയെ ആകർഷിക്കുവാൻ ഉപയോഗിക്കുന്ന Literary Technique-കളിൽ ഒന്നാണ് Paradox; ഒരു സത്യത്തെ അല്ലെങ്കിൽ ഒരു ആശയത്തെ അവതരിപ്പിക്കുവാൻ വൈരുദ്ധ്യമുള്ള രണ്ട് വാക്കുകളെയോ, ചിന്തകളെയോ ഉപയോഗിക്കുന്ന ഒരു സാഹിത്യരീതി. ഉദാഹരണം പറഞ്ഞാൽ, നമ്മൾ ഒരുപാട് കേട്ടിട്ടുള്ള ഒരു പ്രയോഗമാണ് 'ഇത് പരസ്യമായ ഒരു രഹസ്യമാണ്' എന്നത്. അല്ലെങ്കിൽ ബഹുമാനപ്പെട്ട ജോയി ചെഞ്ചേരിൽ അച്ചൻ രചിച്ച ഗാനത്തിലെ പ്രസിദ്ധമായ ഒരു വരി, '...ഇത്ര ചെറുതാകാൻ എത്ര വളരേണം...'

പരിശുദ്ധ അമ്മയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലും ഒരു Paradox കാണാം. പാപമില്ലാതെ ജനിച്ച്, പാപം ചെയ്യാതെ ജീവിച്ച് ഒടുവിൽ സ്വർഗം പുൽകിയ മറിയം പാപികൾക്ക് ഒരു സങ്കേതമാണ് എന്ന് ഏറ്റുപറയുമ്പോൾ ഒരു Paradox ആയി തോന്നിയേക്കാം. കാരണം, വിശപ്പ് അനുഭവിച്ചവനേ വിശക്കുന്നവന്റെ വേദന മനസിലാകൂ അല്ലെങ്കിൽ സഹനങ്ങൾ അനുഭവിച്ചവനേ സഹിക്കുന്നവന്റെ വേദന മനസിലാകൂ എന്ന തത്വമനുസരിച്ച് ജീവിക്കുന്നവരാണ് നമ്മൾ. എന്നാൽ പരിശുദ്ധ മറിയം പാപരഹിതയെങ്കിലും പാപം എന്താണെന്ന് അവൾക്കറിയാം. അത് ദൈവത്തിൽ നിന്നുള്ള അകന്നുപോകലാണ്.

പാപം ചെയ്യാത്ത മറിയം അത് എങ്ങനെ അറിഞ്ഞു? ഫുൾട്ടൻ ജെ. ഷീൻ ഇതിനെക്കുറിച്ച് മനോഹരമായ ഒരു ചിന്ത തന്റെ 'മൺപാത്രത്തിലെ നിധി' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. ലൂക്കാ 2-ൽ, തന്റെ പന്ത്രണ്ടു വയസ്സുള്ള ദിവ്യസുതനെ മൂന്നു ദിവസം നഷ്ടപ്പെട്ട സംഭവം വഴി, പാപം മൂലം ദൈവത്തിൽ നിന്നും അകന്ന ഒരു പാപിയുടെ ഹൃദയത്തെ പീഡിപ്പിക്കുന്ന വേദനയും അകൽച്ചയും അവർക്കു പകരമായി മറിയം അനുഭവിച്ചറിഞ്ഞിട്ടുണ്ട്. അതിനാൽ ഏതു പാപിയെയും മനസിലാക്കാനും സഹായിക്കാനും പരിശുദ്ധ അമ്മക്ക് കഴിയും.

എങ്കിൽ അടുത്ത ചോദ്യം, ഏതു രീതിയിലാണ് പാപികളുടെ സങ്കേതമായ പരിശുദ്ധ മറിയം നമ്മെ സഹായിക്കുക? ഇതിനും രക്ഷാകരസംഭവത്തിൽ മാതാവിന്റെ പങ്കിനെ വിവരിക്കാൻ ഫുൾട്ടൻ ജെ. ഷീൻ പറയുന്ന ഉദാഹരണം തന്നെ കടമെടുക്കാം. അദ്ദേഹം എഴുതിവയ്ക്കുന്നു: ''സൂര്യനെ സൃഷ്ടിച്ച ദൈവം ചന്ദ്രനെയും സൃഷ്ടിച്ചു. സൂര്യനില്ലായിരുന്നുവെങ്കിൽ ചന്ദ്രൻ ശൂന്യാകാശത്തിൽ തങ്ങി നിൽക്കുന്ന ഒരു കരിക്കട്ട മാത്രമാകുമായിരുന്നു. ചന്ദ്രന്റെ പ്രകാശമെല്ലാം സൂര്യന്റെ പ്രഭാപൂരത്തിന്റെ ഒരു പ്രതിഫലനമാണ്. എങ്കിലും ചന്ദ്രൻ സൂര്യന്റെ തിളക്കത്തിന് ഒരു കുറവും വരുത്തുന്നില്ല. അതേവിധം മറിയം തന്റെ ദൈവികസുതനെ പ്രതിഫലിപ്പിക്കുന്നു. അവിടുത്തെ കൂടാതെ അവൾ ഒന്നുമല്ല. ഇരുണ്ട രാത്രികളിൽ നാം ചന്ദ്രനോട് കൃതജ്ഞരാണ്. കാരണം അത് പ്രകാശിക്കുമ്പോൾ അങ്ങ് കാണാമറയത്ത് ഒരു സൂര്യനുണ്ടെന്നുള്ള പ്രതീക്ഷ നൽകുന്നുണ്ട്.''

അതുപോലെ തന്നെ പാപികളുടെ സങ്കേതമായ മറിയവും നമുക്കു നൽകുന്ന ഒരു പ്രതീക്ഷയുണ്ട്. തന്നേക്കാൾ പതിന്മടങ്ങ് പ്രകാശമുള്ള സൂര്യൻ - ദൈവപുത്രനായ യേശു പാപികളെയും കാത്തുനിൽക്കുന്നുണ്ട്. ആ സൂര്യനെക്കുറിച്ചാണ് ഹെബ്രാ. 4:14-16 ൽ നാം വായിക്കുന്നത്. അത് ഇപ്രകാരമാണ്: ''സ്വർഗത്തിലേക്ക് കടന്നുപോയ ശ്രേഷ്ഠനായ ഒരു പ്രധാന പുരോഹിതൻ - ദൈവപുത്രനായ യേശു നമുക്കുള്ളതു കൊണ്ട് നമ്മുടെ വിശ്വാസത്തെ നമുക്ക് മുറുകെപ്പിടിക്കാം. നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്ത് സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാന പുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ തന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ. അതിനാൽ വേണ്ട സമയത്ത് കരുണയും കൃപാവരവും ലഭിക്കുന്നതിനായി നമുക്ക് പ്രത്യാശയോടെ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാം.''

അതേ കൃപാവരത്തിന്റെ സിംഹാസനത്തിന്റെ മുമ്പിലാണ് വിശുദ്ധ കുർബാനക്കായി അണഞ്ഞിരിക്കുന്നത്. അതിനെ പ്രത്യാശയോടെ സമീപിക്കുന്നവർക്ക് തന്റെ കരുണയും കൃപയും വേണ്ടുവോളം നൽകാൻ അവിടെ യേശു നമുക്കായി കാത്തിരിക്കുന്നുണ്ട്. പാപം ചെയ്തിട്ടില്ലെങ്കിലും പാപികളുടെ സങ്കേതമായ പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ആ കൃപാവരത്തിന്റെ സിംഹാസനത്തെ സമീപിക്കാനുള്ള ക്ഷണമാണ് ഈ തിരുനാൾ എന്ന ബോധ്യം മനസിൽ സൂക്ഷിക്കാം. അതോടൊപ്പം ക്ഷമിക്കാനും മറക്കാനുമുള്ള ഒരു ദൗത്യം കൂടി ഈ തിരുനാൾ നമുക്ക് നൽകുന്നുണ്ട്. പാപം ചെയ്യാത്ത ക്രിസ്തു നമ്മോട് കാരുണ്യം കാട്ടി കൃപ വർഷിക്കുന്നു. പാപക്കറയേശാത്ത പരിശുദ്ധ അമ്മ പാപികളുടെ സങ്കേതമായി നിലനിന്ന് നമ്മെ ഈശോയിലേക്ക് അടുപ്പിക്കുന്നു. അങ്ങനെയെങ്കിൽ പാപം ചെയ്യുക വഴി പാപത്തിന്റെ ഫലമായുണ്ടാകുന്ന കുറ്റബോധത്തെപ്പറ്റിയും മാനസികവേദനയെപ്പറ്റിയും അറിവുള്ളവരായ നമ്മൾ എത്രയോ അധികം കാരുണ്യം നമ്മുടെ സഹോദരങ്ങളോട് കാണിക്കുവാൻ കടപ്പെട്ടവരാണ്. അതിനാൽ ഈശോയുടെ ക്ഷമിക്കുന്ന സ്നേഹത്തിന്റെ പ്രതിരൂപങ്ങളാകാനുള്ള കൃപയ്ക്കായി ഈ ബലിയിൽ പ്രാർത്ഥിക്കാം.